## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1084** **12/03/2015-ൽ മറുപടിക്ക്**

**<u>ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കൽ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br><br>(ബി) നയം നടപ്പാക്കുമ്പോൾ 14 വയസ്സു വരെയുള്ള വിദ്യാർത്ഥികൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | <u>(എ) യും (ബി) യും</u><br><br>1986 ൽ നിലവിൽ വന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറ്റുകൾ രൂപീകരിച്ചു. കൂടാതെ കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പ്രീ-പ്രൈമറി വിദ്യാഭ്യാസം, എസ്.പി.ക്യൂ.ഇ.എം (Scheme for Providing Quality Education in Madrassas), ഐ.ഡി.എം.ഐ. (Infrastructure Development in Minority Institutions), ഏരിയാ ഇന്റൻസീവ് പ്രോഗ്രാം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം (The Right of Children to Free and Compulsory Education Act, 2009) നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിനായി 1 കിലോമീറ്റർ ചുറ്റളവിൽ ലോവർ പ്രൈമറി സ്കൂളുകളും 3 കിലോമീറ്റർ ചുറ്റളവിൽ അപ്പർ പ്രൈമറി സ്കൂളുകളും ഉറപ്പാക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ച് വരുന്നു. |

Sreedevi

**സെക്ഷൻ ഓഫീസർ**